ഹദീസ്

ശറഫുദ്ദീൻ അബ്ദുല്ല

# അല്ലാഹുവോട് സഹായം തേടേണ്ട മൂന്ന് കാര്യങ്ങൾ

عَنْ مُعَاذ بْنُ جبَل (ر) أَنَّ رَسُولَ اللَّهِ (ص) أَخَذَ بِيَدِهِ وَقَالَ : يَا مُعَاذ وَاللَّهِ إِنّى لَأُحِبُّكَ وَاللَّهِ إِنِّى لَأُحِبُّك فَقَالَ أُوصِيكَ يَا مُعَاذ لَا تَدَعَنَّ فِى دُبُرِ كُلِّ صَلَاةٍ تَقُولُ : اللَّهُمَّ أَعِنِّى عَلَى ذِكْرِكَ وَشُكْرِكَ وَحُسنِ عِبَادَتِكَ
(رواه أبوداود و النّسائى، صحّحه الألبانى).

**മുആദുബ്നു ജബലിൽ നിന്ന്. നബി (സ) അദ്ദേഹത്തിന്റെ കൈ പിടിച്ചിട്ട് പറഞ്ഞു: 'മുആദ്, അല്ലാഹുവിൽ സത്യം, തീർച്ചയായും ഞാൻ താങ്കളെ അതിയായി സ്നേഹിക്കുന്നു, അല്ലാഹുവിൽ സത്യം, ഞാൻ താങ്കളെ അതിയായി സ്നേഹിക്കുന്നു.' തുടർന്ന് നബി (സ) പറഞ്ഞു: 'മുആദ് ! താങ്കളെ ഞാൻ ഉപദേശിക്കുന്നു , എല്ലാ നമസ്കാരാനന്തരവും ഇപ്രകാരം പറയുന്നതിൽ ഉപേക്ഷ വരുത്തരുതെന്ന്, 'അല്ലാഹുവേ! നിന്നെ സദാ സ്മരിക്കുന്നതിലും നിനക്ക് നന്ദി ചെയ്യുന്നതിലും ഇബാദത്തുകൾ നന്നായി ചെയ്യുന്നതിലും എന്നെ സഹായിക്കേണമേ!' (അബൂദാവൂദ്, നസാഈ)**

മുആദ് ബ്നു ജബൽ എന്ന പ്രമുഖ സ്വഹാബിയുടെ കൈപിടിച്ച്, അല്ലാഹുവിൽ സത്യം ചെയ്ത്, ഞാൻ താങ്കളെ സ്നേഹിക്കുന്നു എന്ന് നബി (സ) രണ്ട് പ്രാവശ്യം പറയുന്നു. അതിനു ശേഷമാണ് ഒരു ഉപദേശം നൽകുന്നത്. ഇതിലൊരു മാതൃകയുണ്ട്. അതായത് വ്യക്തികളെ ഉപദേശിക്കുമ്പോൾ അവരുടെ കൈ പിടിച്ചു ചേർത്തു നിർത്തി സ്നേഹവും ഗുണകാംക്ഷയും പ്രകടിപ്പിക്കണം. അത്തരം സ്നേഹമസൃണമായ ഉപദേശങ്ങൾ സ്വീകരിക്കാൻ ജനം തയാറാവും. നബി (സ) അദ്ദേഹത്തെ ഉപദേശിച്ചത് നമസ്കാരാനന്തരം നടത്തേണ്ട ഒരു ചെറിയ പ്രാർഥനയെക്കുറിച്ചാണ്. ഈ പ്രാർഥന നടത്തേണ്ടത് സലാം വീട്ടുന്നതിന് മുമ്പാണെന്നും അതല്ല സലാം വീട്ടിയതിന് ശേഷമാണെന്നും രണ്ടഭിപ്രായമുണ്ട്.

അല്ലാഹുവേ! നിന്നെ നന്നായി സ്മരിക്കാൻ എന്നെ സഹായിക്കേണമേ എന്നാണ് തുടക്കം. അല്ലാഹുവിനെ യഥാവിധി ഓർക്കാൻ അവന്റെ തന്നെ തൗഫീഖ് ലഭിക്കേണ്ടതുണ്ട്. അല്ലാഹുവിനെ വിസ്മരിച്ചു ജീവിക്കുന്ന എത്രയോ ആളുകളുണ്ട് മുസ്‌ലിം സമൂഹത്തിൽ. അവരെ കുറിച്ച് ഖുർആൻ പറയുന്നു: ''അല്ലാഹുവെ വിസ്മരിക്കുകയും തൽഫലമായി സ്വന്തത്തെ കുറിച്ചു തന്നെ വിസ്മൃതരായിത്തീരുകയും ചെയ്തവരെപ്പോലെ നിങ്ങളൊരിക്കലും ആകരുത്. അവർ അധർമകാരികളാണ്'' (*അൽ ഹശ്ർ*: 19).

സ്വർഗവാസികളുടെ സവിശേഷ സ്വഭാവങ്ങൾ വിവരിച്ച കൂട്ടത്തിൽ അല്ലാഹു പറഞ്ഞു. ''..... (അല്ലാഹുവിനെ) ധാരാളമായി സ്മരിച്ചുകൊണ്ടിരിക്കുന്ന പുരുഷന്മാരും സ്ത്രീകളും, അവർക്കൊക്കെയും മഹത്തായ പ്രതിഫലവും പാപമോചനവും അല്ലാഹു ഒരുക്കിവെച്ചിരിക്കുന്നു'' (*അൽ അഹ്സാബ്*: 35).

അല്ലാഹുവിനെ സദാ സ്മരിക്കുന്നതിനായി നബി (സ) ധാരാളം ദിക്റുകളും ദുആകളും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഉറങ്ങുമ്പോഴും ഉണരുമ്പോഴും ടോയ്‌ലറ്റിൽ പ്രവേശിക്കുമ്പോഴും അവിടെ നിന്ന് പുറത്തുകടക്കുമ്പോഴും ഭക്ഷണം കഴിക്കുമ്പോഴും വസ്ത്രം ധരിക്കുമ്പോഴും വീട്ടിൽ നിന്ന് പുറപ്പെടുമ്പോഴും വീട്ടിലേക്ക് പ്രവേശിക്കുമ്പോഴും അങ്ങാടിയിൽ ചെല്ലുമ്പോഴും അവിടെ നിന്ന് ഇറങ്ങുമ്പോഴും തുടങ്ങി എത്രയെത്ര പ്രാർഥനകൾ, ദിക്റുകൾ! ഇതൊക്ക പ്രാവർത്തികമാക്കുമ്പോഴാണ് അല്ലാഹുവിനെ യഥാവിധി സ്മരിക്കാൻ കഴിയുക.

പ്രാർഥനയിലെ രണ്ടാമത്തെ കാര്യം, അല്ലാഹുവിന് നന്ദി ചെയ്ത് ജീവിക്കാനായി അവനോട് സഹായം തേടലാണ്. അല്ലാഹുവിന് നന്ദി ചെയ്യുന്നതിലൂടെ ഒരാൾ തന്റെ ഐഹിക - പാരത്രിക ജീവിതം സഫലവും സൗഭാഗ്യകരവുമാക്കിത്തീർക്കുകയാണ്.

അല്ലാഹുവിന് നന്ദി കാണിക്കേണ്ടത് ആരാധനാ കർമങ്ങളിലൂടെയും സൽകർമങ്ങളിലൂടെയും ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങളിലൂടെയുമൊക്കെയാണ്. അങ്ങനെയാണ് അല്ലാഹുവിന്റെ പ്രീതിയും സ്വർഗവും കരസ്ഥമാക്കാൻ കഴിയുക.

ഹദീസിൽ അവസാനമായി പ്രാർഥിക്കാനായി ഉപദേശിച്ചത്, ഇബാദത്തുകൾ നന്നായി നിർവഹിക്കാനായി അല്ലാഹുവിന്റെ സഹായം തേടണമെന്നാണ്. ഏതൊരു കർമ്മവും ഇഹ്സാനോടു കൂടി ചെയ്യുമ്പോഴേ അതിന് ഫലപ്രാപ്തിയുണ്ടാവൂ. ഉദാഹരണത്തിന്ന് നമസ്കാരം നന്നായി (ഇഹ്സാനോട് കൂടി) നിർവഹിക്കുന്നതിന്ന് വുദൂ നന്നായി ചെയ്യണം, ശരീരവും നമസ്കാര സ്ഥലവും ശുദ്ധമായിരിക്കണം, ഭയഭക്തിയുണ്ടായിരിക്കണം, ഏകാഗ്രതയുണ്ടായിരിക്കണം. നിർബന്ധ നമസ്കാരങ്ങളോടൊപ്പമുള്ള റവാതിബ് സുന്നത്തു നമസ്കാരങ്ങളും കൃത്യമായി അനുഷ്ഠിക്കണം. ഫർദ് നമസ്കാരങ്ങളിലുള്ള കുറ്റവും കുറവുമൊക്കെ പരിഹരിക്കപ്പെടാൻ അതാണ് മാർഗം. അപ്പോഴാണ് നമസ്കാരം നന്നായി നിർവഹിച്ചുവെന്ന് പറയാൻ കഴിയൂ. ഇതു തന്നെയാണ് ഇതര ആരാധനാ കർമങ്ങളുടെയും അവസ്ഥ. നബി (സ) പറഞ്ഞു: 'തീർച്ചയായും നിങ്ങളിലൊരാൾ ഏതൊരു കർമവും കുറ്റമറ്റതാക്കി ഭംഗിയായി ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു.' ●